5374/2022

<u>സാമൂഹികനീതിവകുപ്പ്ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>

(ഹാജർ: എം.അഞ്ജന IAS)

ഉത്തരവ് നം. SJD/4352/2022-C1

തിരുവനന്തപുരം,

തീയതി. 04-11-2022

---

വിഷയം: സാമൂഹികനീതിവകുപ്പ്- പ്രൊബേഷൻ & ആഫ്റ്റർ കെയർ പ്രോഗ്രാം- പ്രൊബേഷൻവാരാചരണം 2022- ജില്ലാതലത്തിൽ പരിപാടികൾസംഘടിപ്പിക്കുന്നതിന് അനുമതിയും ഫണ്ടുംനൽകി ഉത്തരവാകുന്നു.

പരാമർശം : 1. G.O (Rt) No.132/2022/SJD തീയതി 27/05/2022

സംസ്ഥാനത്ത് പ്രൊബേഷൻസംവിധാനം ശക്തിപ്പെടുത്തുന്നതിനും, ഇതുമായിബന്ധപ്പെട്ട വകുപ്പുകളായ കോടതി, ജയിൽ, പോലീസ്, പ്രോസിക്യൂഷൻ തുടങ്ങിയവയുടെപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി 2019 മുതൽ ജസ്റ്റിസ് വി.ആർ കൃഷ്ണയ്യരുടെ ജൻമദിനമായ നവംബർ 15 പ്രൊബേഷൻദിനമായി ആചരിച്ചു വരുന്നു. ജസ്റ്റിസ് വി.ആർ കൃഷ്ണയ്യരുടെജന്മദിനമായ നവംബർ 15 മുതൽ ചരമദിനമായ ഡിസംബർ 4 വരെ സാമൂഹികനീതിവകുപ്പ് ജില്ലാതലത്തിൽ പ്രൊബേഷൻപക്ഷാചരണവും നടത്തിവരുന്നുണ്ട്. ഈവർഷത്തെ പ്രൊബേഷൻ പക്ഷാചരണം പ്രൊബേഷൻ ഓഫീസർ മാരുടേയും, DLSA യുടേയും സംയുക്ത ആഭിമുഖ്യത്തിൽസംഘടിപ്പിക്കുവാൻ തീരുമാനിച്ചിരി ക്കുന്നു. ആയതിലേക്കായി D L S A യുടെ സഹകരണം KELSAയിൽനിന്നും ഉറപ്പാക്കിയിട്ടുണ്ട്.

പ്രൊബേഷൻവാരാചരണത്തോടനുബന്ധിച്ച് നവംബർ 15 മുതൽ ഡിസംബർ 4 വരെയുള്ളദിവസങ്ങളിൽ പ്രൊബേഷൻനിയമം, നടത്തിപ്പ് നേർവഴിപദ്ധതിയുമായി ബന്ധപ്പെട്ട്നടത്തുന്ന പ്രവർത്തനങ്ങൾ തുടങ്ങിയവിഷയങ്ങളെ ആസ്പദമാക്കി നിയമവിദ്യാർത്ഥികൾ, പബ്ലിക് പ്രോസിക്യൂട്ടർമാർ,അഡ്വക്കേറ്റുമാർ എന്നിവർക്കും, പോലീസ് ഓഫീസേഴ്സിനും, കൂടാതെ ജനപ്രതിനിധികൾക്കും പ്രത്യേകംപ്രത്യേകമായി മൂന്ന് ഏകദിന അവബോധപരിപാടികൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

സംസ്ഥാനതല പ്രൊബേഷൻദിനാഘോഷം നവംബർ 15 തീയതിയിൽ സംഘടിപ്പിക്കുന്നസാഹചര്യത്തിൽ , നവംബർ 16 മുതൽ ഡിസംബർ 4 വരെയുള്ള ദിവസങ്ങളിൽ ജില്ലാതലത്തിൽ പരിപാടികൾസംഘടിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവുപുറപ്പെടുവിക്കുന്നു. **ജില്ലാതലത്തിൽ സംഘടിപ്പിക്കേണ്ട ഏകദിന അവബോധപരിപാടികളുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.** ഒരു അവബോധപരിപാടിയ്ക്ക് 30,000/- രൂപനിരക്കിൽ 3 പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. ഇപ്രകാരം ഒരുജില്ലയ്ക്ക് 90,000/- രൂപ ക്രമത്തിൽ 14 ജില്ലകൾക്കുമായി ആകെ 12,60,000/- രൂപ ( **പന്ത്രണ്ട് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം** ) ചുവടെപ്പറയുംപ്രകാരം ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർമാർക്ക് അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു. BAMS മുഖേന ജില്ലാ സാമൂഹ്യനീതിഓഫീസർമാർക്ക് ലഭ്യമാക്കുന്നതുക ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ അതത് പ്രൊബേഷൻഓഫീസർമാർക്ക് കൈമാറേണ്ടതാണ്. തുകയുടെ വിശദാംശം ചുവടെചേർക്കുന്നു.

| ക്രമ നം | ജില്ല | തുക |
|---|---|---|
| 1 | തിരുവനന്തപുരം | 90000/- |
| | | |

| | | |
|---|---|---|
| 2 | കൊല്ലം | 90000/- |
| 3 | പത്തനംതിട്ട | 90000/- |
| 4 | ആലപ്പുഴ | 90000/- |
| 5 | കോട്ടയം | 90000/- |
| 6 | എറണാകുളം | 90000/- |
| 7 | ഇടുക്കി | 90000/- |
| 8 | തൃശ്ശൂർ | 90000/- |
| 9 | പാലക്കാട് | 90000/- |
| 10 | മലപ്പുറം | 90000/- |
| 11 | കോഴിക്കോട് | 90000/- |
| 12 | വയനാട് | 90000/- |
| 13 | കണ്ണൂർ | 90000/- |
| 14 | കാസർഗോഡ് | 90000/- |
| | TOTAL | 12,60,000/- |

(പന്ത്രണ്ടുലക്ഷത്തി അറുപതിനായിരം രൂപമാത്രം)

പ്രൊബേഷൻഓഫീസർമാർ പ്രസ്തുത ബോധവത്ക്കരണപരിപാടികൾ സംഘടിപ്പിച്ചതിനുശേഷം വിശദമായറിപ്പോർട്ട്, ഡോക്യുമെന്റേഷൻ, ധനവിനിയോഗസാക്ഷ്യപത്രം, എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെനറ് എന്നിവ യഥാസമയം ഈകാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ഇതിലേക്ക് ആവശ്യമായതുക നടപ്പുസാമ്പത്തികവർഷത്തിൽ 2235-02-106-93(പി) ശീർഷകത്തിൽനിന്നും വിനിയോഗിക്കേണ്ടതാണ്.

M. ANJANA IAS

സാമൂഹികനീതിവകുപ്പ്ഡയറക്ടർ

ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർമാർ

പകർപ്പ് :

1. എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും
2. സൂപ്രണ്ട്, അക്കൌണ്ട് സെക്ഷൻ
3. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

5375/2022

Break the chain

<u>പ്രൊബേഷൻ വാരാചരണം</u>

<u>ജില്ലാതല പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ</u>

2022 വർഷത്തെ പ്രൊബേഷൻ വാരാചരണം സാമൂഹ്യ നീതി വകുപ്പിന്റെയും KELSA യുടേയും ആഭിമുഖ്യത്തിൽ വിപുലമായ രീതിയിൽ സംഘടിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നു. ആയതിന്റെ ഭാഗമായി 2022 നവംബർ 15ന് KELSAയുടെ സഹകരണത്തോടെ പ്രൊബേഷൻ ദിനാചരണത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം തിരുവനന്തപുരം വെള്ളാറുള്ള കേരള ആർട്സ് & ക്രാഫ്റ്റ്സ് വില്ലേജിൽ വച്ച് ബഹു. ഉന്നത വിദ്യാഭ്യാസ- സാമൂഹ്യനീതി വകുപ്പ് മന്ത്രി നിർ വ്വഹിക്കുന്നതാണ്. പ്രസ്തുത ഉദ്ഘാടന ചടങ്ങിൽ DLSA സെക്രട്ടറിമാർ, DLSAപാനൽ ലോയർമാർ(ഒരു ജില്ലയിൽ നിന്നും 5 പേർ വീതം ), പബ്ലിക് പ്രോസിക്യൂട്ടർമാർ(ഒരു ജില്ലയിൽ നിന്നും 5 പേർ വീതം ) , ജില്ല ജയിൽ മേധാവികൾ ,ജയിൽ വെൽഫെയർ ഓഫീസർമാർ , ക്രൈം DYSP മാർ എന്നിവരെ പങ്കെടുപ്പിക്കുന്നതിനു നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത പരിപാടിയിൽ എല്ലാ പ്രൊബേഷൻ ഓഫീസിർമാരെയും പങ്കെടുപ്പിക്കുന്നുണ്ട്. ട്രാൻസിറ്റ് ഹോം ഉദ്ഘാടനവും പ്രൊബേഷൻ വാരത്തിന്റെ ഭാഗമായി നടത്തുന്നതാണ്.

സംസ്ഥാന തല ഉദ്ഘാടനത്തിനു തുടർച്ചയായി പ്രൊബേഷൻ വാരാചരണത്തിന്റെ ഭാഗമായി ജില്ലാതലത്തിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തുന്നതിന് ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർമാർ നടപടി സ്വീകരിക്കേണ്ടതാണ്

<u>ജില്ലാ തല പരിപാടികൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ</u>

- 2022 നവംബർ 15 -ന് പ്രൊബേഷൻ ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനവും സെമിനാറും സംഘടിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ ജില്ലാ തല പരിപാടികൾ നവംബർ 16 മുതൽ ഡിസംബർ 4 വരെയുള്ള തീയതികളിലായി DLSA യുടെ സഹകരണത്തോടെ സംഘടിപ്പിക്കേണ്ടതാണ്. ജില്ലാതലപരിപാടികൾ സംഘടിപ്പിക്കുന്നതിന് DLSA യുടെ സഹകരണം KELSA മുഖേന ഉറപ്പാക്കിയിട്ടുണ്ട്.(കെൽസ ലഭ്യമാക്കിയ കത്ത് ഉള്ളടക്കം ചെയ്യുന്നു )
- നവംബർ 16 മുതൽ ഡിസംബർ 4 വരെയുള്ള ദിവസങ്ങളിൽ പ്രൊബഷൻ നിയമം, നടത്തിപ്പ് നേർവഴിപദ്ധതിയുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കി ഓരോ ജില്ലയിലും 3 പരിപാടികൾ വീതം നടത്തേണ്ടതാണ്.
-

1. നിയമവിദ്യാർത്ഥികൾ, പബ്ലിക് പ്രോസിക്യൂട്ടർമാർ, അഡ്വക്കേറ്റുമാർ എന്നിവർക്കായി DLSA യുമായി സഹകരിച്ച ഒരു പരിപാടി, പബ്ലിക് പ്രോസിക്യൂട്ടർമാർമാർക്ക് കൂടി പങ്കെടുക്കാൻ കഴിയുന്ന വിധത്തിൽ ക്രമീകരിക്കേണ്ടതാണ്.
2. പോലീസ് ഓഫീസേഴ്സിനായുള്ള പരിശീലന പരിപാടി - ജില്ലാ പോലീസ് മേധാവിയുമായി കൂടിയാലോചിച്ച് തീരുമാനിക്കേണ്ടതാണ്.

5375/2022

3. ജനപ്രതിനിധികൾക്കായി ഒരു അവബോധ രൂപീകരണ പരിപാടി .

- ഓരോ പരിപാടിയിലും പരമാവധി പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്.
- ഓരോ ജില്ലയിലും 3 പരിപാടികൾ സംഘടിപ്പിക്കുന്നതിനായി ഒരു പരിപാടിക്ക് 30000/- രൂപ നിരക്കിൽ 90,000/- രൂപ ഓരോ ജില്ലാ പ്രൊബേഷൻ ഓഫീസിർക്കും അനുവദിക്കുന്നതാണ്. തുക ചിലവഴിക്കുന്നതിനുള്ള ബജറ്റ് breakup ചുവടെ ചേർക്കുന്നു . ആവശ്യമുള്ള പക്ഷം ആകെത്തുക അധികരിക്കാതെ കംപോണെന്റ ചിലവുകളിൽ മാറ്റം വരുത്താവുന്നതാണ്.

സാമ്പത്തിക വിശകലനം

| | |
|---|---|
| ഹാൾ വാടക,മൈക്ക്, തുടങ്ങിയവ | 15,000/- |
| ഭക്ഷണം | 7500/- |
| സ്റ്റേഷനറി& IECമെറ്റീരിയൽസ് | 4000/- |
| ബാനർ മറ്റു ചിലവുകൾ | 3500/- |
| ആകെ | 30,000/- |
| ഒരുജില്ലയക്ക് അനുവദിക്കുന്ന ആകെത്തുക (മൂന്നു പരിപാടികൾക്കായി ) | 90,000/- |

- എറണാകുളം ജില്ലയിലെ 3 പരിപാടികൾ എറണാകുളം ,മൂവാറ്റുപുഴ പ്രൊബേഷൻ ഓഫീസർമാർ സംയുക്തമായും ,തിരുവനന്തപുരം ജില്ലയിലെ പ്രവർത്തനങ്ങൾ തിരുവനന്തപുരം ആറ്റിങ്ങൽ പ്രൊബേഷൻ ഓഫീസർമാർ സംയുക്തമായും സംഘടിപ്പിക്കേണ്ടതാണ് .
- പ്രൊബേഷൻ സംവിധാനം മുൻനിർത്തി വകുപ്പ് സംഘടിപ്പിക്കുന്ന പ്രസ്തുത ബോധവത്ക്കരണ പരിപാടികൾ പൂർണ്ണമായും ഫലപ്രാപ്തിയിൽ എത്തിക്കുന്നതിനും, നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ പ്രൊബേഷൻ ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടർ

അംഗീകാരത്തോടെ,